## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 307 | 30/11/2015 ൽ മറുപടിക്ക് |
|---|---|

### ബാർ ലൈസൻസ് ഫീ സംബന്ധമായ ആരോപണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എളമരം കരീം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ബാർ ലൈസൻസ് ഫീ കുറയ്ക്കാനായി മന്ത്രിമാരെ സ്വാധീനിച്ചതായും ഇതിനായി ബാറുടമകളിൽ നിന്ന് പണം പിരിച്ചെടുത്തതായും ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികളുടേതായി പുറത്തുവന്ന വെളിപ്പെടുത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | മൊഴികൾ അവഗണിച്ചിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ ഭാരവാഹികൾ നല്കിയിരുന്നതായ മൊഴികൾ അവഗണിച്ചുകൊണ്ടാണ് വിജിലൻസ് അധികൃതർ നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കാമോ ; | | |
| (സി) | മന്ത്രിമാർക്ക് പണംകൊടുക്കാൻ ബാറുകാരിൽ നിന്ന് പിരിച്ചെടുത്തതിന്റെയും കൊടുത്തതിന്റെയും തെളിവുകൾ തങ്ങളുടെ കൈയിലുണ്ടെന്ന മൊഴികളിലൂടെ വെളിപ്പെടുത്തിട്ടും അവ ശേഖരിക്കാൻ വിജിലൻസ് തയ്യാറാകാതിരുന്നത് എന്തു കൊണ്ടായിരുന്നുവെന്ന് അന്വേഷണ വിധേയമാക്കാമോ ; | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമ പരമായ രീതിയിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്. |
| (ഡി) | കൈക്കൂലി നൽകാൻ പണം ശേഖരിച്ചതും നൽകിയതും സംബന്ധിച്ച വ്യക്തവും വിശ്വസനീയവുമായ തെളിവുകളും മൊഴികളും ഉണ്ടായിട്ടും ഇതൊന്നും തന്റെ പരിഗണനാ വിഷയമല്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിലപാട് പ്രതികളെ രക്ഷിക്കുവാനുള്ള ഉദ്ദേശത്തോടു കൂടിയായിരുന്നുവെന്നറിയാമോ; | (ഡി) യും (ഇ) യും | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമ പരമായ അന്വേഷണം നടത്തിയിട്ടാണ് തക്കതായ തീരുമാനത്തിൽ എത്തിയിട്ടുള്ളത്. |
| (ഇ) | അന്വേഷണ ഘട്ടത്തിൽ വിജിലൻസ് ഉദ്യോഗസ്ഥർ മന്ത്രിമാർക്കെതിരെ തെളിവുകൾ ശേഖരിക്കാൻ വിസമ്മതിച്ച സാഹചര്യം ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന നിർണ്ണായകമായ വസ്തുക്കളും പരിഗണിച്ച് പരാതിയിൽ ക്വിക് വെരിഫിക്കേഷൻ നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ